പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5658

09.07.2012-ലെ
മറുപടിക്ക്.

ദേശീയ വിദ്യാഭ്യാസ പദ്ധതി

ചോദ്യം

ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. സി.എഫ്. തോമസ്
ശ്രീ. മോൻസ് ജോസഫ്
ശ്രീ. റ്റി.യു. കുരുവിള

ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ദേശീയ വിദ്യഭ്യാസ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി 2011-ലെ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ രൂപീകരിച്ച് 30.04.2011-ലെ ജി.ഒ. (പി) 100/11/പൊ.വി. നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എൻ.സി.റ്റി.ഇ.യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി അദ്ധ്യാപക നിയമനങ്ങൾക്ക് റ്റി.ഇ.റ്റി. യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ മാത്രം പരിഗണിക്കുവാൻ പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. റ്റി.ഇ.റ്റി. യോഗ്യത പരീക്ഷ നടത്തിപ്പിനായി എസ്.സി. ഇ.ആർ.റ്റി-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 150 കുട്ടികളുള്ള സർക്കാർ പ്രൈമറി സ്കൂളിലും 100 കുട്ടികളുള്ള സർക്കാർ യു.പി. സ്കൂളുകളിലും പ്രഥമാദ്ധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കികൊണ്ട് ഉത്തരവായിട്ടുണ്ട്. കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ദുർബലവിഭാഗത്തിൽപ്പെട്ട കുട്ടിയുടെ കുടുംബത്തിന്റെ വരുമാന പരിധി 60,000/- രൂപയായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ സ്പെസിഫൈഡ് കാറ്റഗറി സ്കൂളുകൾ, ഡിസ് അഡ്വാന്റേജ്ഡ് |

വിഭാഗത്തിൽപ്പെട്ട കുട്ടി എന്നിവ എതൊക്കെയാണെന്ന് നിർവ്വചിച്ച് ഉത്തരവായിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തെ കുറിച്ച് രക്ഷാകർതൃ ബോധവത്കരണ പരിപാടി, ജനപ്രതിനിധികൾക്ക് വേണ്ടി കമ്മ്യൂണിറ്റി ട്രെയിനിംഗ് പ്രോഗ്രാം എന്നിവ സർവ്വ ശിക്ഷാ അഭിയാൻ മുഖേന നടത്തുകയും വിദ്യാഭ്യാസം നമ്മുടെ അവകാശം എന്ന ആശയം പ്രചരിപ്പിക്കാനുള്ള പദ്ധതികൾ എസ്.എസ്.എ. ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആർ.റ്റി.ഇ. നിയമം അനുശാസിക്കും വിധം 1-ാം ക്ലാസ് പ്രവേശനത്തിന് 6 വയസ്സ് പൂർത്തിയായിരിക്കണമെന്ന് നിർദ്ദേശിച്ച് ഉത്തരവായെങ്കിലും കേന്ദ്രീയ വിദ്യാലയമുൾപ്പെടെയുള്ള സ്കൂളുകളിൽ 5 വയസ്സ് തന്നെ ഈ വർഷം നിലനിൽക്കുന്നതിനാൽ ഈ അദ്ധ്യയനവർഷം 5 വയസ്സാക്കി നിലനിർത്തിയിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം 8-ാം ക്ലാസ് വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ക്ലാസ് കയറ്റം നൽകാൻ നിർദ്ദേശിച്ച് ഉത്തരവായിട്ടുണ്ട്. 5-ാം ക്ലാസ് എൽ.പി.യുടേയും 8-ാം ക്ലാസ് യു.പി.യുടേയും ഭാഗമാക്കിക്കൊണ്ട് 1-8 വരെ ക്ലാസ്സുകൾ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുന്നതിനുള്ള ഘടനാമാറ്റം സംബന്ധിച്ചുള്ള കാര്യങ്ങളും പരിശോധിച്ചു വരുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു കിലോമീറ്റർ ചുറ്റളവിൽ ഒരു എൽ.പി.സ്കൂൾ എന്നത് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള ദൂരപരിധിക്കുള്ളിൽ സ്കൂളുകൾ ലഭ്യമാണോ എന്ന് സ്കൂൾമാപ്പിംഗിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പുതിയ സ്കൂളുകൾ/ക്ലാസ് മുറികൾ എന്നിവ സൃഷ്ടിക്കാതെയും അദ്ധ്യാപകരുടെ പുനർവിന്യാസം ഒഴിവാക്കിക്കൊണ്ടും പ്രായോഗികമായി ഘടനാമാറ്റം കൊണ്ടുവരുന്ന കാര്യവും പരിശോധിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | ദേശീയ വിദ്യാഭ്യാസനയം ഈ വർഷം തന്നെ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (സി) | കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം ഘട്ടംഘട്ടമായാണ് നടപ്പാക്കി വരുന്നത്. 2013-ഓടെ പൂർണ്ണമായി നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്. 30.04.2011 മുതൽ ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ